# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2241 — 11.06.2018 — ൽ മറുപടിക്ക്

## സമ്പൂർണ്ണ ഇ-റേഷൻ സംവിധാനത്തിലേക്ക് മാറിയ സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, പി.വി. അൻവർ<br>,, ആന്റണി ജോൺ<br>,, കാരാട്ട് റസാഖ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) കേരളം സമ്പൂർണ്ണ ഇ-റേഷൻ സംവിധാനത്തിലേക്ക് മാറിയ സംസ്ഥാന മായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതുവഴി ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത റേഷൻ കടകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനിൽ ആധാർ ഓതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന വൺ ടൈം പാസ് വേർഡ് മുഖേനയോ, ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏത് റേഷൻ കടയിൽ നിന്നു വേണമെങ്കിലും റേഷൻ വാങ്ങാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ചിലയിടങ്ങളിലെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇ-പോസ് യന്ത്രങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഒരു മൊബൈൽ കണക്റ്റിവിറ്റിയും ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ മതിയായ അളവിൽ റേഷൻ വിഹിതം അനുവദിക്കാതെ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തിയതുകൊണ്ടും ഇന്ധന വില നിയന്ത്രണം നീക്കി എണ്ണ കമ്പനികൾക്ക് ഇഷ്ടം പോലെ വില വർദ്ധിപ്പിക്കാൻ കേന്ദ്രം അനുമതി നൽകിയതുകൊണ്ടും ഉണ്ടായ വില വർദ്ധന നേരിടുവാൻ ഏതു വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (സി) | കേന്ദ്ര സർക്കാർ മതിയായ അളവിൽ റേഷൻ വിഹിതം അനുവദിക്കാതെ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തിയത്, ഇന്ധന വില നിയന്ത്രണം നീക്കി എണ്ണ കമ്പനികൾക്ക് ഇഷ്ടം പോലെ വില വർദ്ധിപ്പിക്കാൻ കേന്ദ്രം അനുമതി നൽകിയത് എന്നീ നയങ്ങൾ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കിയതിനാലും സപ്ലൈകോയുടെ 1550 അധികം ഔട്ട്‌ലെറ്റുകൾ മുഖേന വെളിച്ചെണ്ണ ഉൾപ്പെടെയുള്ള 14 നിത്യോപയോഗ സാധനങ്ങൾ 35% വരെ സബ്സിഡിയിൽ നൽകുന്നതിനാലും അവശ്യ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. |

| | |
|---|---|
| (ഡി) പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) സർക്കാർ ഉത്തരവ്(കൈ)നം.10/17/ഭ.പൊ.വി.വ തീയതി 15.05.2017 പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറെ കൺവീനറായി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രതിമാസം പ്രൈസ് മോണിറ്ററിംഗ് സെൽ യോഗം കൺവീനറുടെ അദ്ധ്യക്ഷതയിൽ കൂടുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.33/17/ഭ.പൊ.വി.വ തീയതി 06.12.2017 പ്രകാരം പ്രൈസ് മോണിറ്ററിംഗ് സെൽ മെച്ചപ്പെടുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടറെ കൺവീനറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. 13.07.2017, 09.08.2017, 27.09.2017, 28.10.2017, 16.01.2018 എന്നീ തീയതികളിൽ യോഗം ചേരുകയും അവശ്യ സാധനങ്ങളുടെ പൊതുവിപണിയിലെ വില നിലവാരം നിരീക്ഷിക്കുകയും, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് (കേരഫെഡ്, ഹോർട്ടികോർപ്പ്) നിർദ്ദേശം നൽകിയിട്ടുമുണ്ട്. വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിന് ആയതിന്റെ സ്റ്റോക്ക് ലിമിറ്റ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പൊതുവിപണിയിലെ ഭക്ഷ്യ സാധനങ്ങളുടെ വില മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്ത്, വിലക്കയറ്റം തടയുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിംഗ് സെൽ ചെയ്തു വരുന്നത്. |

*സെക്ഷൻ ഓഫീസർ*